# കവായി

ഡിജിറ്റൽ മാഗസിൻ



little KITEs

**GMHSS CU CAMPUS**

# എഡിറ്റോറിയൽ ബോർഡ്

## അംഗങ്ങൾ

അശ്വിൻ

നിരഞ്ജന വി

നിരഞ്ജന ബി

ഹസ്സൻ മുക്താർ ലബായ്

അഭിനവ് ഷൈജു

നിവേദ് ജി ഷേണായ്

മുഹമ്മദ് ഷാമിൽ ടി പി

അദ്വൈത് ബി ആർ

ശ്രീദേവിക

പാർവ്വതി

സോയ ഹലീന

റീബ പി എസ്

## ഉപദേശക സമിതി

പ്രമോദ് കുമാർ ഇ

ഹരീഷ് കുമാർ എ

പ്രിയ എൻ പി

രജിഷ കെ എം

## കവർ പേജ്

അഭിനവ് ഷൈജു 9F

# താളുകൾ മറിയുമ്പോൾ


സന്ദേശം....................................................................................4
എന്റെ കലാലയം........................................................................5
ചിത്രരചന....................................................................................6
തണൽ........................................................................................7
ലഹരിയ്ക്ക് അടിമപ്പെട്ടവർ............................................................8
ചാൾസ് ബാബേജ്......................................................................9
മൺപാതകളിലൂടെ......................................................................10
Through the memory lane..........................................................13
ചിത്രരചന....................................................................................14
ഇടവേള......................................................................................15
കൂടണഞ്ഞ പകലൊളി..................................................................16
പകൽ കിനാവ്............................................................................17
പ്രണയഗാഥ................................................................................20
ഒരു ദുരനുഭവം..........................................................................22
അമൂല്യ ബന്ധത്തിന്റെ സാരഥികൾ..............................................23
എന്റെ അമ്മ................................................................................24
The effect of a parent teacher or friend on your life......25
മാതൃഭാഷയും വിദ്യാഭ്യാസവും......................................................26
സ്വപ്ന താരകം............................................................................28
ഒരു കലോത്സവ ദിനം..................................................................31
കനൽ വഴിയിലെ സ്കൂൾ ജീവിതാനുഭവം......................................32
മായാത്ത ഓർമ്മകൾ....................................................................33
പ്രപഞ്ചസ്നേഹി............................................................................35
ചെല്ലകിരുവി................................................................................36
ചിത്രരചന....................................................................................37
Freedom......................................................................................38
ചിത്രരചന....................................................................................39




ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബിലെ 2022-2025 ബാച്ച് കുട്ടികൾ തയ്യാറാക്കിയ **കവായി** ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും.................................ഒപ്പം ഇതിൻെറ പിന്നിൽ പ്രവർത്തിച്ച കുട്ടികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ.



1970 കളിൽ സ്ഥാപിതമായ G.M.H.S.S C.U CAMPUS , കാലിക്കറ്റ് സർവ്വകലാശാലയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നു. മരങ്ങളാൽ ചുറ്റപ്പെട്ട അതിമനോഹരമായ ക്യാമ്പസ് പരിസരം. വിശാലമായി പരന്ന് കിടക്കുന്ന കളിസ്ഥലം. 5ാം ക്ലാസ് മുതൽ 12ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പഠിക്കാനായി സൗകര്യങ്ങൾ നിറഞ്ഞ ക്ലാസ് മുറികൾ. ഏഴോളം കെട്ടിടങ്ങളിലായി 3000 ത്തോളം കുട്ടികൾ പഠിക്കുന്നു.കുട്ടികളുമായി സൗഹാർദ്രബന്ധം പുലർത്തുന്ന സ്കൂൾ പ്രിൻസിപ്പിൾ പ്രതാപൻ മാഷും പ്രധാന അധ്യാപിക മൃദുല ടീച്ചറും. Little Kites,SPC, JRC ,GUIDS, എന്നീ യൂണിറ്റുകളും ലഹരിവിരുദ്ധ ക്ലബ്,ശാസ്ത്ര ക്ലബ്,പരിസ്ഥിതി ക്ലബ്,ഗണിത ശാസ്ത്ര ക്ലബ്,ഹരിതസേന,ഊർജ്ജ ക്ലബ്,മറ്റനേകം ക്ലബുകളും സജ്ജീവമായി പ്രവർത്തിക്കുന്നു.പുസ്തകങ്ങളാൽ സമൃദ്ധമായ ഗ്രന്ഥശാലയും രണ്ട ഐ.ടിലാബുകളും,കെമിസ്റ്റ്ടി,ഫിസിക്സ്,ബയോളജി എന്നിവയ്ക്ക് പ്രത്യേക ലാബുകളും പ്രവർത്തിക്കുന്ന.cwsn കുട്ടികൾക്ക് വേണ്ടി പ്രത്യേക ക്ലാസ് മുറി സജ്ജീകരിച്ചിട്ടുണ്ട്. കുട്ടികൾക്കായി പ്രത്യേകം കൗൺസിലിങ് റൂമും ഉണ്ട്. കലാ-കായിക മേഖലകളിൽ ഉന്നത വിജയം കൈവരിച്ചു കൊണ്ട് മുന്നേറുകയാണ് ഞങ്ങളുടെ വിദ്യാലയം.





ABHINAV SHYJU K

9 F

# തണൽ

പുലർവേലിൽ

പുനർജനി വിടർന്നു....

ഇനിയെന്നും കൂട്ടായി മുന്നോട്ട്.....

താണ്ടാൻ കാതം ഇനിയും ദൂരെ

നേർവഴി തളരാ...നിർവരയിൽ...

അന്നു മനസ്സിൽ പാകിയ വിത്തുകൾ

ഇന്നു മുളച്ച ഒരു വൻമരമായി...

ശിഖരം പലതും വീശിയ മരമതിൽ

തളിരും പൂവും കായുമതേറെ

തളരും ജീവിയ്ക്കരുളും കുളിരും

തേൻ മധു നിറയും കനിയും താങ്ങും

തണലിൽ തളരാ തഴകം സ്നേഹം

വേർപിരിയ ബലമുണ്ടേറെ

വർഗ്ഗം, വർണ്ണം, കൊടി നിറമേയതിൽ

തീണ്ടാപാടുകളകലത്തായ്..

നീറും മനസ്സിൽ നീർത്തുള്ളി തുടയ്ക്കാൻ

ഒത്തൊരു തെന്നൽ തുവലായുമായ്...

ഇനിയും കൂട്ടരോടൊത്ത് കളിക്കാൻ

അകലും നിഴലുകളണയും വരെയും

ഒത്തൊരുമിക്കാം സ്നേഹിക്കുടതിൽ

പുനർജനി കൂട്ടുകുടുംബത്തിൽ

സ്നേഹ കൂട്ടുകുടുംബത്തിൽ

ഈ സ്നേഹ കൂട്ടുകുടുംബത്തിൽ




**ആത്മിക.ടി**
8H

# ലഹരിക്ക് അടിമപ്പെട്ടവൾ

ഈ ജന്മം ഇവിടെ വച്ച് അവസാനിപ്പിച്ചാലോ എന്ന് അവൾ വിചാരിക്കുന്നു. അമ്മയുടെ ആഗ്രഹങ്ങൾ താൻ നശിപ്പിച്ചു, അച്ഛന്റെ സ്വപ്നങ്ങൾ താൻ നശിപ്പിച്ചു.എന്തിന് ഈ ഭൂമിയിൽ ഇനി താൻ ജീവിക്കണം. ലഹരിയുടെ പിടിയിൽ താൻ അറിയാതെ പെട്ടുപോയി. അതിൽ നിന്ന് പുറത്ത് കടക്കാൻ സാധിക്കാതെ അവളുടെ മനസ്സിൽ തോന്നിയ ചിന്തകൾ ആയിരുന്നു ഇവയെല്ലാം.ഒരിക്കൽ അവൾ ലഹരി ഉപയോഗിക്കുന്നത് അവളുടെ അധ്യാപിക അറിഞ്ഞു. അത് നാട്ടുകാരും വീട്ടുകാരും അറിയുമല്ലോ എന്ന പേടിയായിരുന്നു അവൾക്ക്. അങ്ങനെ ഇനി നാട്ടിലും നീട്ടിലും എല്ലാം അവൾ ഒരു ചർച്ചാവിഷയമായി മാറുകയും ചെയ്യും. പിന്നെ ചാനലുകാർക്കും പത്രക്കാർക്കും എഴുതിപിടിപ്പിക്കാനായി ഒരു അങ്ങനെ ലോകം മുഴുവൻ അറിയും വിദ്യാർത്ഥിയുടെ മയക്കമരുന്ന് ഉപയോഗം. അങ്ങനെ ഈ വാർത്ത പരന്നാൽ അവളുടെ ഭാവി തന്നെ നശിക്കുമെന്ന് അവൾ മനസ്സിലാക്കി. അവസാനം എന്തു ചെയ്യണമെന്നറിയാതെ അവൾ ആത്മഹത്യ എല്ലാത്തിനുമൊരു പരിഹാരമായ് കണ്ടെത്തി. എന്നാലും അവൾ വിട്ടുകൊടുത്തില്ല. ഒരവസരം കൂടെ എനിക്ക് തരണമെന്ന് അവൾ അവളുടെ അധ്യാപികയോട് ആവശ്യപ്പെട്ടുകൊണ്ട് അവൾ എല്ലാം അവസാനിപ്പിച്ച് വീണ്ടും പടിക്കാൻ തുടങ്ങി. പക്ഷെ അവളുടെ സുഹൃത്തുക്കൾ അവളെ ലഹരിയിൽ നിന്നും രക്ഷപ്പെടാൻ അനുവദിച്ചില്ല. അവൾ അറിയാതെ തന്നെ അവളെ ലഹരിയുടെ പിടിയിൽ ആക്കി. അങ്ങനെ ലഹരിയിൽ നിന്നും രക്ഷപ്പെടാൻ സധിക്കാതെ അവൾ ആത്മഹത്യ ചെയ്തു.അങ്ങനെ അവൾ ഈ ഭൂമിയിൽ നിന്ന് നമ്മളെ വിട്ടു പോയി.

ഇതിൽ നിന്നും നമ്മൾ മനസ്സിലാക്കേണ്ടത് മരണം ഒന്നിനുമൊരു പരിഹാരമല്ല. നമുക്ക് ഇടയിൽ ഇപ്പോഴും ഇങ്ങനെ പലരുമുണ്ട് അവരെ എല്ലാം ആത്മഹത്യക്ക് വിട്ടുകൊടുക്കാതെ പറഞ്ഞ് മനസ്സിലാക്കി ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരികയാണ് നമ്മൾ ചെയ്യേണ്ടത്.

Nandha .Kishore
7G

# ചാൾസ് ബാബേജ്

ഒരു ഇംഗ്ലീഷ് പോളിമാതായിരുന്ന ചാൾസ് ബാബേജ് ബ്രിട്ടീഷുകാരനായ ഒരു ഗണിതശാസ്ത്രജ്ഞനും കമ്പ്യൂട്ടർ ശാസ്ത്രജ്ഞനും ചിന്തകനും ആയിരുന്ന ബാബേജ് ആണ് ഡിജിറ്റൽ പ്രോഗ്രാമബിൾ കമ്പ്യൂട്ടർ എന്ന ആശയം കൊണ്ടുവന്നത്. ബാബേജ് ആണ് കമ്പ്യൂട്ടറിൻറെ പിതാവ് മെക്കാനിക്കൽ കമ്പ്യൂട്ടർ കണ്ടുപിടിച്ചതി ബാബേജിനുണ്ട് സങ്കീർണമായ ഡിസൈനുകളി എന്നിരുന്നാലും കമ്പ്യൂട്ടറുകളുടെ ബാബേജിന്റെ എൻജിനിൽ മേഖലകളിലെ വൈവിധ്യമാർ അദ്ദേഹത്തെ



ഡിഫറൻസ് എൻജിൻ ന്റെ ബഹുമതി ഇത് ഒടുവിൽ ഇലക്ട്രോണിക് ലേക്ക് നയിച്ചു ആധുനിക എല്ലാ ആശയങ്ങളും അനലിറ്റിക്കൽ ഉണ്ട് മറ്റു അദ്ദേഹത്തിൻറെ ന്ന പ്രവർത്തനങ്ങൾ നൂറ്റാണ്ടിലെ പല പോളിമാത്തുകളിലും മുൻനിരയിലുള്ള ആൾ എന്ന വിശേഷിക്കപ്പെട്ടു.

ബാബേജ് മരണപ്പെടുന്നതിനു മുമ്പ് ഡിഫറൻസ് എൻജിൻ അനലിറ്റിക്കൽ എൻജിൻ എന്നിവ ഉൾപ്പെടെ നിരവധി ഡിസൈനുകളുടെ വിജയകരമായ എൻജിനീയറിങ് കമ്പ്യൂട്ടറിന്റെ ആശയങ്ങൾ നൽകുന്ന ഒരു പ്രധാന വ്യക്തിയായി അദ്ദേഹം മാറി. 1991ൽ ബാബേജിന്റെ പ്ലാനുകളിൽ നിന്ന് വ്യത്യസ്തമായി പ്രവർത്തിക്കുന്ന എൻജിൻ നിർമിച്ചു 19 നൂറ്റാണ്ടിന്റെ നേടാനാകുന്ന ടോളറൻസുകളുമായി നിർമ്മിച്ച ഫിനിഷ്ഡ് എൻജിൻ വിജയം സൂചിപ്പിക്കുന്നത് ബാബേജിന്റെ യന്ത്രം പ്രവർത്തിക്കുമായിരുന്നു എന്നാണ്.

റീന പി സ്
VII E

# മൺപാതകളിലൂടെ

ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമായ രാജസ്ഥാനിലേക്ക് കഴിഞ്ഞ വർഷം ഞാൻ ഒരു യാത്ര നടത്തി. തലസ്ഥാന നഗരമായ ജയ്പൂരിലെ മനോഹര കാഴ്ചകൾക്ക് ശേഷം രണ്ടാം ദിനം ഞങ്ങൾ അജ്മീറിലെത്തി. അജ്മീറിൽ നിന്ന് ഒരു രാത്രി നീണ്ട ബസ് യാത്രക്ക് ശേഷമാണ് മൂന്നാം ദിവസം രാവിലെ ഞങ്ങൾ ഇന്ത്യയിലെ ഥാർ മരുഭൂമി സ്ഥിതി ചെയ്യുന്ന ജൈസാൾമീർ നഗരത്തിൽ എത്തിയത് . ആ യാത്രയിൽ എന്നെ വളരെ അധികം ആകർഷിച്ച സ്ഥലം ഈ സുവർണ നഗരം തന്നെ ആണ്. ഥാർ മരുഭൂമിയുടെ ഹൃദയ ഭാഗത്തു സ്ഥിതി ചെയ്യുന്ന ജയ്സാൽമീർ ഇന്ത്യയിലെ പൈതൃക നഗരങ്ങളിൽ ഒന്നാണ്, കൂടാതെ രാജസ്ഥാനിലെ ഏറ്റവും വലിയ ജില്ലാ കൂടിയാണ് ജയ്സാൽമീർ നഗരത്തിന്റെ കൊട്ടാരമായ ഗോൾഡൻ ഫോർട്ടിന്റെ ഏറ്റവും മുകളിൽ പീരങ്കികൾ നിരത്തിവെച്ചിരിക്കുന്നടുത്ത് നിന്ന് നോക്കിയാൽ കാണുന്ന കാഴ്ച കണ്ണുകൾക്കും മനസ്സിനും പുതുമ നൽകുന്നതായിരുന്നു.



ആകാശത്തു ഊർജസ്വലനായി നിൽക്കുന്ന സൂര്യൻ. സൂര്യകിരണങ്ങൾ പ്രതിഫലിക്കുന്ന കോട്ട മതിലുകൾ . ചുറ്റും സുവര്ണനിറത്തിലുള്ള കെട്ടിടങ്ങൾ അടുക്കി വെച്ചിരിക്കുന്നു. വിശാലമായി പരന്നുകിടക്കുന്ന മണൽ തരികൾ കണ്ടാൽ സ്വര്ണത്തരികൾ വിതറിയത് പോലെ തോന്നുന്നു. ഇതെല്ലം കൊണ്ടായിരിക്കാം ജൈസാൾമീറിന് സുവര്ണനഗരം 'ഗോൾഡൻ സിറ്റി' എന്ന് വിളിപ്പേരുള്ളത്. സൂര്യന്റെ പ്രഭയിൽ നഗരം തിളങ്ങുന്നുണ്ടെങ്കിലും അവിടുത്തെ മനുഷ്യർ അതിൽ കരിയുകയായിരിക്കുന്നു. അവരുടെ മുഖം ചുവന്നു പൊന്തിയിരുന്നു . സ്ത്രീകൾ തുണി ഉപയോഗിച്ചു മുഖം ചുറ്റി കെട്ടിയിരിക്കുന്നു. കൊട്ടാരത്തിന്റെ ഒരു ഭാഗത് സാധാരണ ജനങ്ങൾ താമസമാക്കിയിട്ടുണ്ട് .



ഉച്ചക്ക് വടക്കേ ഇന്ത്യൻ വിഭവമായ ' താലി 'കഴിച്ചു ഞാൻ വയറിനെ സന്തുഷ്ടനാക്കി . നമ്മുടെ സദ്യപോലെ വിഭവസമൃദ്ധമായ ഒരു ഭക്ഷണം. അതിനു ശേഷം ഞങ്ങൾ ഡെസേർട് ക്യാമ്പിനാണ് ജീപ്പിൽ കയറി മണലാരിണ്യത്തിലേക്ക് പോയി. തെക്കേ ഇന്ത്യക്കാരായ നമ്മൾക്ക് അവിടെ അദ്ഭുതകരമായ കാഴ്ചകളും അനുഭവങ്ങളും നിറഞ്ഞിരിക്കുന്നു. നമ്മുടെ നാട്ടിൽ പശുക്കളെ കൊണ്ടുപോകുന്നത് പോലെ ഒട്ടകങ്ങളിയുമായി തൊഴിലാളികൾ പോകുന്നുണ്ടായിരുന്നു. മരുഭൂമിയിൽ വന്നിട്ട് അവിടെത്തെ കപ്പലിൽ കയറിയില്ല എന്നുവേണ്ട, ഒട്ടകസാവരിക്കായി രാജു എന്നുപേർക്കുള്ള ഒട്ടകത്തെ എനിക്കുകിട്ടി. 'അവനിത്തിരി കുറുമ്പനാ....!' അവന്റെ ഉടമസ്ഥൻ പറഞ്ഞു. വളരെ സ്നേഹമുള്ള മനുഷ്യരായിരുന്നു അവർ കുട്ടികളെ 'ചിട്ടിയ' എന്ന് അവരുടെ ഭാഷയിൽ സ്നേഹത്തോടെ വിളിക്കും . സ്വന്തമായി പത്തു ഒട്ടകം ഉണ്ട് എന്ന് കേൾക്കാൻ നല്ല ഗാമയുണ്ട്. പക്ഷെ ഒന്നിനെത്തന്നെ തീറ്റിപോറ്റാനുള്ള കഷ്ടപ്പാട് അവർക്കേ അറിയൂ.



അതിനായി അവർക്ക് സഞ്ചാരികളുടെ സഹായവും വേണം . ഒട്ടകമെല്ലാം മുതലാളികളുടേതാണ്, ഇവർ വെറും തൊഴിലാളികൾ മാത്രമാണ്. തുച്ഛമായ കൂലി ലഭിക്കുന്നവർ സഞ്ചാരികൾ ഇല്ലെങ്കിൽ അവരുടെ അന്നം മുട്ടും.

ഇതെല്ലം ആലോചിച്ചുകൊണ്ട് ഞാൻ ഒരു ചായ കുടിക്കാൻ പോയി. നമ്മൾ മലയാളികളെ പോലെ അവർക്ക് ചായ അത്ര പ്രിയങ്കരമാണ്. വളരെ അപൂർവമായേ ചായക്കടകൾ ഉള്ളൂ. കട്ടൻചായ ഉണ്ടാക്കാൻ അവർക്ക് പരിചയമില്ല. ഒരു സുലൈമാനി കിട്ടിയിരുന്നുവെങ്കിൽ എന്ന് ഞാൻ ആലോചിച്ചു. നമ്മൾ കുടിക്കുന്ന ചായയുടെ പകുതി അളവ് മാത്രമേ അവർ കുടിക്കൂ. രണ്ടു ഗ്ലാസ് പറഞ്ഞാലോ എന്ന് ഞാൻ കരുതി. വരണ്ടുണങ്ങിയ അവരുടെ കാലാവസ്ഥക്ക് ചായ അനുയോജ്യമല്ല

അങ്ങനെ മഞ്ഞമണൽ കൂമ്പാരത്തിനും മുകളിൽ ഇരുന്നുകൊണ്ട് ഞാൻ ചുവന്ന സൂര്യൻ മറയുന്നത് നോക്കി ഇരുന്നു. എന്റെ ഹൃദയം കീഴടക്കിയ

ഒരു സൂര്യാസ്തമയമായിരുന്നു അത്. കോട്ടകളുടെയും, കൊട്ടാരങ്ങളുടെയും തടാകങ്ങളുടെയും നാടായ രാജസ്ഥാൻ ഏതൊരു സഞ്ചാരിയെയും ഭ്രമിപ്പിക്കുന്ന ഒന്നാണ്.



NIRANJANA
9I

# THROUGH THE MEMORY LANE

*Those morning prayers in school filled with nostalgia. They make us remember those days when we would be tickling and giggling without having the teacher notice. At times when teacher goes off topic or when history class gets too boring, we would close our books, pull out our bags and go in for a long nap. Feeling extremely hungry before lunch, we would pull out our secret stash of snacks and eat them sitting at the back of history or physics class and in case our assignment for next class isn't completed,we would cut class and sit in the bathroom ; laughing and having a concert of ours. Those were some of the most amazing days......*

*On days like fridays where we would get a long break in the afternoon we would watch boys playing cricket or we would all sit together singing songs, cracking jokes, talk about past incidents and laugh it all out. Those P.E periods in which we would climb trees and eat imli or green mangoes with salt and chilli powder which we would bring from home or we would play hide and seek behind trees and in the forest, knowing we weren't allowed there, and running back to class upon seeing the P.E sir coming to scold us.*


*We learned to have fun, we learned to be responsible, we learned to respect and most importantly we learned to love. From crying out loud for a broken pencil to crying in the school bathroom for a broken heart. We made a new family and created a million memories. Those buildings hold some great friendships , heart breaks, countless memories and endless laughter.*
*Some of the most vulnerable yet, valuable days.*

SAJA FARHEEN
9.I



ADRINATH

10E



# ഇടവേള

നാല് വർഷമായി ഞാൻ ഈ സ്കൂളിൽ ചേർന്നിട്ട്.അതിൽ എനിക്ക് എന്നും ഓർക്കാൻ മാത്രമുള്ള അനുഭവങ്ങൾ ഒന്നും ഇല്ല.എങ്കിലും ഇത്ര വർഷം ഈ സ്കൂളിൽ പടിച്ച ഞാൻ ഒൻപതാം ക്ലാസിൽ ഈ അടുത്താണ് ആദ്യമായി സ്കൂൾ ക്യാന്റീനിന്റെ ഉള്ളിലിരുന്ന് ചായ ആസ്വദിക്കുന്നത്.വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു അത്.

ക്യാന്റീനിന്റെ അടുത്ത് എത്തിയപ്പോൾ തന്നെ ഉള്ളിൽ കയറാൻ ആർക്കും ധൈര്യമില്ലായിരുന്നു.എന്തോ ഒരു ഭയം ആദ്യമായിട്ടായതുകൊണ്ടായിരിക്കും. ഞങ്ങൾ ഒന്നു കൂടെ പൈസ എണ്ണി നോക്കി അത് തികയുമോ എന്ന്.



പിന്നെ രണ്ടും കൽപ്പിച്ച് കയറി.രണ്ട് കായപ്പവും ഒരു ചായയും ഞങ്ങൾ നാല് പേരും. കടി വാങ്ങി വന്നപ്പോൾ അവിടെ ഇരിക്കാൻ സ്ഥലമില്ലായിരുന്നു.കുറേ നേരം അവിടെ കറങ്ങിതിരിഞ്ഞു. പിന്നെ വിനീഷ് സാറിന്റെ ചായ തീരാനായത് ഞങ്ങൾ ശ്രദ്ധിച്ചു. സാർ എണീറ്റതും ഞങ്ങൾ ഒറ്റ ഇരുത്തം. ഞാൻ പറഞ്ഞു മെല്ലെ തിന്നാൽ മതി ചായ എത്തീട്ടില്ല പിന്നെ ചായ വരുന്നത് വരെ ഇവിടെ നോക്കി നിൽക്കേണ്ടി വരും. പറഞ്ഞ് നാവെടുത്തില്ല അപ്പോഴേക്കും ചായ അതാ വരുന്നു.ആദ്യം തൊട്ട ഞാൻ. ഒഹ്! എന്തൊരു ചൂട്....

പക്ഷെ ആ ഇരിപ്പിടവും ചായയും ആകായപ്പവും അന്തരീക്ഷവും ആദ്യത്തെ അനുഭവത്തിനോട് എന്തൊ ഒരു ബന്ധമുണ്ടായിരുന്നു. ചിന്തിക്കാൻ കഴിയാത്ത ഒരു ബന്ധം. ക്യാന്റീൻ പഴതും ചെറുതുമാണെങ്കിലും അതിൽ എനിക്ക് ഉണ്ടായ അനുഭവം പുതിയതും വലുതും ആയിരുന്നു. പറയാതിരിക്കാൻ പറ്റാത്ത ഒരു വലിയ അനുഭവം. തിരിച്ച് എത്തിയപ്പോൾ ക്ലാസിൽ കയറാൻ നേരം വൈകി. ടീച്ചർ ഗ്രൂപ്പിൽ പേരിട്ടു. പക്ഷെ അതിന് ആ അനുഭവത്തെ തകർക്കാൻ മാത്രം കട്ടിയൊന്നുമില്ലായിരുന്നു. അനുഭവങ്ങൾ എഴുതിയും പറഞ്ഞും ശീലമില്ലാത്ത എന്റെ ചെറിയൊരു സന്തോഷം...

Naila Zainab.A 9F

# കൂടണഞ്ഞ പകലൊളി

ദൂരെ നിലാവൊളി മാഞ്ഞോ
എന്റെ ശിശിര നാമ്പുകൾ പൂത്തുലഞ്ഞു
എൻ കിനാക്കളിൽ കൂടണഞ്ഞിതാ
മേളവാദ്യമാം തെന്നലിൻ മാധുര്യം
പുലരിതൻമുഖത്തിങ്കൽ പനിനീർപൂവിതൾ
വാരിവിതറിയന്നാദ്യ സങ്കീർണമായെൻ മനമോ...
കാലഭേദങ്ങളാണതോറും ദിവ്യലോലിത സംഗീതമായി

നിലാവുതിർന്ന ചിന്തകളിലെപ്പൊഴും
എന്നും ജീവനിദ്രതൻ സ്വംഗാരമതിലുകൾ
ഉജ്ജയിനിപൂണ്ട മേഘസന്ദേശത്തിലും
മണിവീണാശാലിയാ, മഴയുടെ വൈഭവം
ഗോപുരനാദങ്ങൾ തഴുകിതളിർക്കുന്നിതാ
അർദ്ധചന്ദ്രനാം ഹേമാമൃതചാരുത.

കിനാവിനെ കിനാക്കളാൽ പൂണിച്ചെടുക്കുന്ന
പ്രാർത്ഥനാദീപമായ് എന്നും പ്രകൃതിയോ
ജീവിപ്പൂ നിന്റെ മൃദുവാർന്ന ശീതളം,
പച്ചിലച്ചാർത്തിന്റെ പല്ലവമാധുര്യം

ആരണ്യമെങ്ങോ ശോഭിച്ചെടുത്തതാ,
അന്തരംഗാന്തരത്തിലെ ഗ്രീഷ്മമാം വിഭൂതികൾ

അർഥിക്കുന്നിതാ:തവ
ജനതിയിൽ അമൃതം പൂണ്ടവൻ
ശിഖരങ്ങളിലെവിടെയോ മാഞ്ഞുപുതുമ
പശ്ചിമാംബര വീഥിയിൽ
മാർത്താണ്ഡ പൂരിതമാം പകലിനെ
ഹൃദ്യഹർഷാ പത്മാസനത്തിലാഴ്ത്തി

സ്മരിപ്പൂ അജ്ജയ്യയാം
ജ്വലിക്കുന്ന പ്രകൃതിയോ..

കിനാക്കളിൽ കൂടണഞ്ഞിതാ
കുരുവി തൻ സ്നേഹസ്വപ്നങ്ങൾ
മാറോടണച്ചു എൻ മണിവീണയാം
ശ്വേത സൗന്ദര്യം

AVANI M
9G

# പകൽ കിനാവ്

ഉച്ചിയിൽ തീഗോളം കത്തിനിന്നു
ഇരുട്ടിൻ വേഗത എൻ മുറി കടന്നു വന്നു
പാതി കരിഞ്ഞ ജഡങ്ങളെയും തൂവൽപൊഴിഞ്ഞ
മയൂരങ്ങളെയും വരച്ചുതളർന്ന
എൻറ്റെ പേനയും ബ്രഷും ഉണർന്നിരുന്നു
കോൺവെൻറ്റിലെ ചിത്രപാഠശാലയിൽ
നഗ്നരൂപങ്ങൾക്കും പിന്നിലെ നിസ്സംഗതയിൽ
ഞാനിരുന്നു.

അവർ ആദവും ഹവ്വയുമത്രെ
നിലയില്ലാകയമായ മനസ്സിന്റെ അടിത്തട്ടു
കാണാൻ കൊതിച്ചരാവുകൾ തിരികയെത്തി
ബോധത്തിനുള്ളിലെ അബോധത്തെ
ഉപവസിച്ചിരുന്ന നാളുകൾ കീഴ്മറിഞ്ഞു വന്നു
എന്റെ എഴുത്തുകടലാസിനുപിന്നിൽ
ഇരുട്ട് വന്നുനിന്നു
മുറിയുടെ മൂലയിലിരുന്ന കുപ്പികുലുങ്ങി ചിരിച്ചു

വിഷാദ മനസ്സിലാരവം തീർത്ത് എന്നെ
കൂടുതൽ വിഷാദവാനാക്കിയവളെ ഞാൻ സ്മരിച്ചു

ഉടയാടകളില്ലാത്ത ഇരുട്ടിന്റെ മേനിയെ
കണ്ണും കൈയ്യും കടലാസിൽ പകർത്തിയെടുത്തു
അലങ്കാരമില്ല വർണ്ണമില്ല
അവൾ കടലാസിൽ നിന്നെന്നെ നോക്കിച്ചിരിച്ചു
“ പോരാ “ അവൾ പറഞ്ഞു
ഇരുട്ട് അടുത്ത് വന്നു
മനസ്സ് പിന്നിലേക്ക് ചാടി

പൊടിമീശ നുള്ളിവളർത്തിയെടുത്ത കാലം
ചാപല്യങ്ങൾ നിറഞ്ഞുനിന്നു
വിങ്ങുന്ന ഹൃദയവും വിറയ്ക്കുന്ന കൈയ്യും കൂടി
പുസ്തക പിൻപുറത്തെഴുതിയ ചിത്രങ്ങൾ
വർഷങ്ങൾ ചാടികടന്നുവന്നു

വിഷാദചിന്തയിൽ കൈകാലുകൾ നിയന്ത്രണം
വിട്ടതോർമ്മവന്നു

ചെങ്കൊടിയ്ക്കു പിന്നിലായിരം ചിന്തയും
ആദർശങ്ങളും നടന്നുവന്നു
എരിഞ്ഞു മടങ്ങിയ ആദ്യപ്രണയത്തെ
വെണ്മപൂശിച്ചതുമോർമ്മവന്നു

കൈമുന്നിലെ ഇരുട്ടിനെ കൊച്ചുകടലാസിൽ
പകർത്തിയെടുത്തു

കൊച്ചുകടലാസുകീറിൽ നിന്നിരുട്ടെന്നെ
നോക്കിച്ചിരിച്ചു.

" പോരാ " അവൾ തലയാട്ടി
ഇരുട്ടെന്റെയരികിലെത്തി
മനസ്സ് ഹൃദയത്തിനുപിന്നിലൊളിച്ചു.


കണ്ണിൻ കനലടങ്ങി ഉറവപൊട്ടി.
അമ്മയുടെ മാറിലെ ചൂടും കൈയ്യിലെ മാർദ്ദവവും
തിരിച്ചറിഞ്ഞു.

കൈയ്യുയർന്നു മാറിലസ്ത്രമേറ്റു
വീണ മരീചനെ താങ്ങിയെടുത്ത
എന്നെ നോക്കി സദസ്സ് കൂപ്പി
എന്റെ തിരിച്ചറിവില്ലായ്മമിൽ
സന്ധ്യഒറ്റയ്ക്ക് സാക്ഷിനിൽക്കെ
അമ്മ നദിയുടെ മടിത്തട്ടിലിറങ്ങിനിന്നു
അന്നാണ് ആദ്യമായി ഞാൻ ഇരുട്ടിനെ
ദർശിച്ചത്
അമ്മയുടെ മടിത്തട്ടാണിരുട്ട്
വിപസ്ത്തയുടെ ആനന്ദം അറിഞ്ഞുനിന്നു
പുളികൊമ്പിനെ ശപിച്ചു.
അച്ഛൻറ്റെ അടികളെ മുന്നിലും പിന്നിലുമായേറ്റു
വാണി കണ്ണീരു നുണഞ്ഞുഞാനുറങ്ങി

ഇരുട്ടിനെ കടലാസുതുമ്പിലേക്ക് ഞാൻ പകർത്തി
കടലാസുതുമ്പിലിരുന്നു ഇരുട്ടെന്നെ നോക്കി ചിരിച്ചു

അവൾമൊഴിഞ്ഞു തുടങ്ങി പോ......
ഞാൻ ആ വായപൊത്തി
കുസൃതി ചിരിയോടെ അവളെന്നെ നോക്കി
എൻറ്റെ കൈയെടുത്തുമാറ്റി വാരിപുണർന്നു
ചെവിയിൽ മന്ത്രിച്ചു  "പോകാം"
ഞാൻ നോക്കി ഇരുട്ടെൻറ്റെ മാറിൽ
വിരൽ കുത്തി നിൽക്കുന്നു
അഗാധതയിലേക്ക് കാൽവെച്ച് ഞാൻ നടന്നു
ഇരുട്ടിലാണ്ടു.
പെട്ടെന്ന് ഞാൻ കൺ തുറന്നു
ഉച്ചിയിൽ സൂര്യൻ
മുന്നിലെ കടലാസിൽ പാതികരിഞ്ഞ ജഡങ്ങൾ
അവയോടായി ഞാൻ  പറഞ്ഞു
പാതിവെന്ത ശരീരങ്ങളെ മരണാസന്നരായ
പക്ഷികളേ
ഒരു പകൽ കിനാവിനെ വെച്ചുനോക്കുമ്പോൾ
നിങ്ങളെത്ര ഭേദം.

Hassan Mukthar Labbai
9-I



# പ്രണയഗാഥ

പച്ചിലചാർത്തിലൂടെ പൂർവാംബര പ്രവാഹത്തിലേക്ക് നവദിനത്തിന്റെ തീർഥാടനപ്രക്രിയയിൽ ഏർപ്പെട്ട മനോവികാരങ്ങളാൽ മാർത്താണ്ഡൻ പിറവിയെടുത്തിരിക്കുന്നു . അന്യോന്യം കറകളാൽ മൂടപ്പെട്ടിരിക്കുന്ന ഭിത്തിയുടെ സാമ്രാജ്യത്തിൽ വാഴുന്ന സമയകാലപ്പട്ടികയിൽ ഇന്നത്തെ ദിവസത്തിന് ചുവപ്പാണ് . വിശേഷാൽ പ്രധ ദിവസങ്ങളെ വിശേഷവൽകരിക്കാൻ സാറ എന്ന വികാരത്തിനദീതമായ പെൺ കുട്ടിയെ അവളുടെ വിരലിന്റെ തെറ്റുകൾ അന്യോന്യം സമ്മതിക്കാറില്ല . തിരിനീളാത്ത ജനൽപടികളിൽ പ്രണയത്തിന്റെ ദേവരാഗങ്ങളിലൂടെ ചുംബിക്കാനെത്തുന്ന മണിപ്ലാന്റ് ഇന്നും സങ്കീർണമായ പ്രണയന്തരംഗത്തെ പല്ലവപുടങ്ങളാൽ തളിർത്തിരിക്കുന്നു.
കോഫിയുടെ ചൂടിൽ ചൂടിനെ പ്രണയിച്ച ജനവാതിലുകൾ പരിസരം മറന്ന് രോഷകുലമായിരിക്കുന്നു . പ്രണയദൂതിനാൽ വിസ്മയം തീർത്ത 'വാലന്റൈൻസ് ഡെ' യെ ചെടികൾ മുതൽ ഗോപുരനാദങ്ങളിൽ നൃത്തരേണുചാലിച്ച പർവതനിരകൾ വരെ പ്രണയഗീതത്തിന്റെ സങ്കീർത്തനം പൊഴിക്കുന്നു.
"എന്നാൽ ഈ സാറക്കെന്തുപറ്റി?"
വേദവ്യാസൻ മണിവീണയാൽ സമർപ്പിച്ച മഹാഭാരതത്തിൽ അർജ്ജുനന്റെ തേരിനെ നയിച്ച മാധവനെപ്പോലെ ആദിത്യൻ ക്ഷീരപഥത്തിലെ തങ്കക്കൊലുസണിഞ്ഞ പത്മാസനത്തിൽ ഉപവിഷ്ടനായി പച്ചപ്പിന്റെ പുത്രിയായ ഭൂമിയോടായി ആക്രോശിച്ചു . "ജീവിതം അത്യനർഘവും അത്യനന്തവുമായ പ്രക്രിയയാൽ ചിരകാലം ജയപരാജയങ്ങളാൽ മൂടപ്പെട്ടിരിക്കുന്നു."
ഭൂമിദേവിപറഞ്ഞു . എന്നാൽ അന്നൊരിക്കൽ സാറയുടെ നേത്ര കർണങ്ങളിൽ ,പഞ്ചയന്ത്രിയങ്ങളിൽ  മാറ്റൊലി നിഴലിക്കുന്നപ്രണയാകുശലമായ നാഡീപ്രപഞ്ചത്തിൽ അവളൊന്നു കണ്ണോടിച്ചു . ജനലഴികളെ തോരണങ്ങളാൽ അലങ്കൃതമാക്കിയ മഴത്തുള്ളികൾ തുലാവർഷത്തിൽ ജന്മം കൊണ്ടതല്ല  മറിച്ച് പണ്ടേതോ രാജ്യത്തെ രാജകുമാരനെ തേടിപ്പോയതാണ് . അർത്ഥവത്തായ ജീവിതത്തിന്റെ അനന്തനഗരിയിൽ ചായക്കോപ്പയിലെ കൊടുങ്കാറ്റിനെപ്പോലെ അലാറത്തിന്റെ ഉയർന്ന നിലവിളികൾക്ക് ചെവികൊടുത്തുകൊണ്ട് സാറ തന്റെ നിദ്രയെ കോഫി പോലെയാക്കി . ഇന്നവൾക്ക് ചെയ്തു തീർക്കാനുള്ള അങ്ങ് ഹിമാലയം വരെ എത്തിയിരിക്കുന്നു. ശ്രദ്ധാകുലമായ ചിന്തകളുടെ ഉയർന്ന മാറ്റൊലികൾ അവളുടെ ന്യൂഡിൽസിനെ പോലും മരവിപ്പിച്ചു.
ഒരു ബാഗും തൂക്കിയെടുത്ത് ഓഫീസിൽ പ്രഭാഷണം നടത്തുന്ന മാനേജറുടെ ചീത്തവിളികൾ അവൾ ഒന്നൊന്നായി ഓർത്തെടുത്തു. വഴിയോരപാതകളിൽ കൊച്ചുകൊച്ചു നിമിഷങ്ങളിൽ മിന്നിത്തിളങ്ങുന്ന സ്ട്രീറ്റ് ലൈറ്റുകളിൽ ശാലീനമായ ശാശ്വതമായ ചിത്രീകരണത്തിൽ ഏർപ്പെടുന്ന ഒരു ദിവ്യ പുരുഷനെ കണ്ണുകൾ ഏറ്റുവാങ്ങി . വർണഭമായ ഈ ചരിത്ര നിമിഷത്തെ സങ്കീർണമായി ഉദ്ബോദിപ്പിച്ചും ഉദ്ഘോഷിപ്പിച്ചും പ്രതിരോധമുള്ള ഒന്നാക്കിമാറ്റാൻ ഇന്നാദ്യമായി അവളുടെ സമസ്ത അവയവങ്ങളും പ്രതിനിധാനം ചെയ്തു . കാലത്തിന്റെ ഇരുണ്ട അന്ധകാരത്തിൽ ശ്വേതത്രപേണ വെളിച്ചം പകരാൻ അവനു സാധിച്ചു.
കാലക്രമേണ അവളുടെ ജീവിതം അവനെന്ന പോലെ നിളയുടെ പ്രാപഞ്ചികമായ രേണുരാഗങ്ങളിൽ അവളുടെ വാർമതിയൊഴുക്കുന്ന  മനസ്സിലെ സൗന്ദര്യം  പൂവിട്ടു.വിശ്വവിഖ്യാതമായ   പ്രണയത്തിന്   ഇത്രയും  ഭംഗിയോ എന്ന്   അവളുടെ  മനം  ഒരു നിമിഷത്തേക്ക്   ജാഗ്രതവതിയായി.ഇരുണ്ട മേഘത്തിന്റെ  ഹോമിക്കപ്പെടുന്ന  കറുത്തവാവുകളിൽ  പൗർണമിയുടെ പരിപൂർണമായ  കറുത്ത ശിശിരങ്ങളിൽ
നിലാവിന്റെ  സങ്കീർത്തനത്തിൽ   അവളുടെ  പ്രണയം നിറം മങ്ങിയിരിക്കുന്നു.

സ്നേഹം ലഹരിയാകുമ്പോൾ അത് മാധുര്യമുള്ളതാകുന്നു.മുന്തിരിച്ചാറിന്റെ പുളിരസം പോലെ.തന്റെ പ്രണയദൂതുകളിൽ ചിന്താവിഷ്ടയായ സീതയെപോലുള്ള ആനന്ദപ്രവാഹങ്ങളിൽ പ്രണയരാഗങ്ങൾ ആർദ്രമായി സ്പർശിച്ചു.പനിനീർ പൂവിൽ ഹൃദ്യമാക്കുന്ന തളിർത്ത വാക്കുകളിൽ ഹേമന്തവീണയുടെ കുളിർമയേകുന്ന തെന്നലിൽ തന്റെ ചിന്തകൾ മധുമുഖികളുടെ മൃദുവാർന്ന മുരൾച്ചയിൽ സൗരഭ്യമുള്ളതായി മാറ്റിയെടുക്കാൻ രക്തക്കുഴലിന്റെ മസ്തിഷ്ക പ്രവാഹത്തിൽ,ശ്വാസകോശ നാഡീബന്ധങ്ങളിലും അവളുടെ വിഭ്രുതികളിലേർപ്പെട്ട പ്രണയസങ്കീർത്തനത്തിലും ദൃശ്യ ശൃംഗാരമായി.എന്നും മണിവീണയാൽ വിടരാത്ത ചക്രവാള വിധി പോലെ.

മേടമാസത്തിന്റെ വസന്തരജനികളിൽ പൂവണിയാത്ത വിഷാദനിശയെ നിത്യനർത്തകിമാർ കളങ്ങളെ അഗ്നികുണ്ഡമായിഹോമിക്കുന്നതുപോലെ പരിശുദ്ധിയാർന്ന പ്രണയത്തെ അവളൊന്നുകണ്ണോടിച്ചെടുത്തു.
അന്നായിരുന്നു ആ മോഹനരാഗങ്ങളിൽ അന്ത്യദീപം ചാർത്തേണ്ട ദിവസം.എന്നാൽ വ്യാഴത്തിൻറ്റെ ഇടനാഴികയിൽ മയക്കത്തിൻറ്റെ ഇരുണ്ട പ്രക്ഷേഭത്തിൽ പൊലിഞ്ഞുപോയ ആ യുദ്ധ വികാരങ്ങൾ ആ ആലിംഗനത്തിൽ നിഴലിച്ചു. ആ ദിവ്യപുരുഷൻറ്റെ ചരിത്രവിഷേങ്ങളിൽ അശ്വമേധത്തിൻറ്റെ വിശ്വചിന്താഗതിപോലെ ക്രിയാത്മക ഭാവലോലങ്ങളിൽ പൊഴിയുന്ന അന്ധവികാരങ്ങളിൽ പൊലിഞ്ഞുപോയ അവൻറ്റെ ചക്രവാള ബ്രഹ്മാസ്ത്ര ക്ഷീരപഥത്തിലെ ഏലിയൻ കുടുംബം തിരയടുക്കാത്ത അക്ഷര പ്രവാഹങ്ങളിൽ അവൻറ്റെ കണ്ണീരിന് സ്ഥാനമുണ്ടായിരുന്നില്ല. 'ഈ പ്രണയത്തിന് വിധിയെഴുതാൻ നിനക്ക് സാധിക്കുമോ'? അവൻ അവളോട് ഏതോ ദൃഢനിശ്ചയമുള്ളതുപോലെ ഹ്രസ്വചിന്തയോടെ ചോദിച്ചു. കാലത്തിൻറ്റെ അന്ധകാരങ്ങളിൽ ഗതി മാറ്റിമറിക്കാൻ സാധിക്കുന്ന ഒരു ചുഴലിക്കാറ്റിൻറ്റെ തീക്ഷണമായ അർത്ഥ പൂർാണമായിരുന്നു ആ വാക്കുകൾക്ക്. എന്നാൽ സാറ ഒരു മൗനവിക്ഷേപണം നടത്തി തൻറ്റെ കർത്തവ്യങ്ങളിലേക്ക് കടന്നു. മാന്ത്രികദ്വീപിലെ ദൃശ്യചാരുതയിൽ തളർന്നുറങ്ങുന്ന അവൻറ്റെ കുടുംബത്തിന് മർമരസ്പർശനത്തിൻറ്റെ മാധുരിയേകാൻ അവൾക്ക് കഴിഞ്ഞില്ല. അണയാത്ത ലോകഗോളത്തിലെ തിരകളിൽ ആഞ്ഞടിക്കുന്ന മാർത്താണ്ഡ ദിശകൾക്ക് എന്തിനീ പ്രണയം? അവളുടെ ചുണ്ടുകൾ വീണ്ടും ചുവന്നു. കാലം പഠിപ്പിച്ച താളുകളിൽ പ്രണയ ദൃശ്യാലങ്കൃതമായല്ലായിരുന്നു അവിടെ. ബാഹ്യമായ വിഭിന്നങ്ങളിൽ അണഞ്ഞുപോയ മാറ്റൊലി ജീവനമാക്കുകയായിരുന്നു സാറ. അവൾ തൻറ്റെ ഡയറിക്കുറിപ്പിലെഴുതി പ്രണയം അണയാറില്ല, അതിൻറ്റെ ഹൃദയതലങ്ങളാണ് അണയാറുള്ളത്. കർണ്ണങ്ങൾ കൊണ്ട് കേൾക്കാത്തതും നേത്രങ്ങൾകൊണ്ട് കാണാത്തതുമായ ഒന്നേയുള്ള ഈ ഭൂമിയിൽ അത് പ്രണയമാണ്. ജീവിതത്തിൻറ്റെ സാഗരമാകുന്ന കോണുകളിൽ മുങ്ങിപ്പോകാത്ത തോണി, വാക്കുകൾകൊണ്ട് അർത്ഥമാക്കാത്തതും വിരലുകൾകൊണ്ട് വ്യാഖ്യാനിക്കാൻ കഴിയാത്തതും ആയ ആ പ്രണയത്തിലൂടെ അവൾ പുതുജീവിതത്തിൻറ്റെ സീമന്തഹാസങ്ങൾ അവനുവേണ്ടി തഴുകിയുണർത്തിക്കൊണ്ട് അവനിൽ പുതുജീവിതം വിടർത്തി ഒപ്പം അവളിലും.

AVANI .M

9G

# ഒരു ദുരാനുഭവം

ഈശ്വരാ...ഈ ഓരു അനുഭവം ആർക്കും വരാതിരിക്കട്ടെ. ഇതൊരു ഉഴുന്നുവടയുടെ കഥയാണ്. ആ അപമാനപ്പെട്ട  അവഹേളിക്കപ്പെട്ട ആ പത്ത് രൂപയുടെ ഉഴുന്നുവട. ഒരു ദിവസം രാവിലെ വീട്ടിൽ നിന്ന് കഴിക്കാൻ സമയമില്ലാത്തതിനാൽ ഉമ്മാടെ സഞ്ചിയിൽ നിന്ന് ഒരു അറുപത് രൂപ എടുത്ത് ഞാൻ സ്കൂളിലേക്ക് ഓടി. കാലിക്കറ്റ് സർവകലാശാലയിലെ കോഫി ഹൗസ് എന്ന നെറികെട്ട ഹോട്ടലിൽ കയറി പോയി ഒരു ഒഴിഞ്ഞ ഇരിപ്പിടത്തിൽ  ഇരുന്ന ഞാൻ വെയ്റ്ററോട് ഓർഡർ ചെയ്യുന്നതിന് മുൻപ് വില  തിരക്കി. ഒരു ചായ, ഒരു നെയ്റോസ്റ്റ് മൊത്തത്തിൽ അൻപത്തിയഞ്ച് രൂപ ആവുമെന്ന് കേട്ടപ്പോൾ എനിക്ക് സന്തോഷമായി. ബാക്കി അഞ്ച് രൂപകൊണ്ട് അപ്പുറത്തെ മൈമാലിയാക്കാൻ്റെ  പീടികയിൽ നിന്ന് ഒരു എള്ളുണ്ട വാങ്ങാലോ.

ഹാ! നെയ്റോസ്റ്റ് എത്തി. സംഭവം കൊള്ളാം. പൈസക്ക് മൊതലാ!. ആ ചട്ട്നിയും അപ്പുറത്തെ സാമ്പാറും  കൂട്ടി ആ മൊരിഞ്ഞ നെരിഞ്ഞ ദോശ കഴിക്കുമ്പോൾ ഉണ്ടാകുന്ന ആ കാലിവയറ്റിലെ ഇളക്കം ഞാൻ മനസ്സിലാക്കി.ആ നീണ്ടുനിവർന്ന് പ്ലേറ്റിന്റെ ഇരു വശത്തേക്ക് ഏന്തി നിന്ന ദോശയെ ഞാൻ കാലിയാക്കി. ഒരു ഏമ്പക്കം വിട്ട് ഒരു ചായ കുടിച്ച് നിൽക്കുമ്പോഴാ കണ്ടത്. ദോശക്കടിയിൽ ഒരു ഉഴുന്നു വട. കണ്ടപ്പോൾ വേസ്റ്റാക്കണ്ടാന്ന് കരുതി ഞാൻ അതും തിന്ന് കാശിയർക്ക്  അൻപത്തിയഞ്ച് രൂപയും കൊടുത്ത് ബാഗുമെടുത്ത് സ്കൂളിലേക്ക് പോകാൻ ഒരുങ്ങിയപ്പോൾ ബാക്കിൽ നിന്ന് ഒരു വിളി, അതെ അത് ആ കാശിയർ ആണ്. ദോശക്കടിയിൽ നിന്ന് കിട്ടിയ ആ ഉഴുന്നു വട നീ കഴിച്ചില്ലേടാ. അതിന്റെ പത്ത് രൂപ വച്ചിട്ട് പോയാൽ മതി.അയാൾ പറഞ്ഞു. ഞാൻ പറഞ്ഞു.ഞാൻ അത് ഫ്രീയാണെന്ന് വിചാരിച്ച് കഴിച്ച് പോയതാണ്. ക്ഷമിക്കണം. ഞാനത് ഓർഡർ ചെയ്തിട്ടില്ലായിരുന്നു. അത് മനസ്സിലാക്കാതെ അയാൾ പൈസ വച്ചിട്ട് പോയാൽ മതി എന്ന് പറഞ്ഞു പിടിച്ചു വച്ചു. ഞാൻ എങ്ങനെയെങ്കിലും തട്ടി മാറാൻ നോക്കി. അയാൾ വിട്ടില്ല. പത്ത് രൂപക്ക് വേണ്ടി അയാൾ അങ്ങേ അറ്റം കഷ്ടപ്പെട്ടു എന്റെ കയ്യിൽ ബാക്കിയുള്ള 5 രൂപയും അയാൾക്ക്  ഞാൻ കൊടുത്തു. അയാൾക്ക് അത് മതിയായിരുന്നില്ല. തുടർന്ന് കയ്യാങ്കളി ആരംഭിച്ചു. സ്കൂളിൽ കയറാൻ വൈകുമെന്ന് പറഞ്ഞ എന്നെ അയാൾ തള്ളി മാറ്റി. എന്റെ ശബ്ദം കേട്ട അടുത്ത ഓട്ടോ സ്റ്റാന്റിലെ ഡ്രൈവർ ഓടിവരുകയും കടയുടമയോട് ശബ്ദിക്കുകയും പ്രശ്നം പൈസ കൊടുത്ത് ഒത്തു തീർപ്പ് ആക്കുകയും, ഞാൻ സ്കൂളിലേക്ക് ഓടി പോവുകയും ചെയ്തു. അയാളിൽ നിന്ന് എനിക്ക് നല്ലവണ്ണം വേദന അനുഭവിക്കേണ്ടി വന്നു. അതിന് പുറമേ സ്കൂളിൽ എത്താൻ വൈകിയ എന്നെ സ്കൂൾ വാതിലിനരികിൽ വടികളുമേന്തി നിന്നിരുന്ന കിഷോർസാറും, സന്ധീപ് സാറും തല്ലി. ഹാ...എന്തു അനുഭവം, ആർക്കും വരാതിരിക്കട്ടെ.

BASIL FARZEEN

# അമൂല്യ ബന്ധത്തിന്റെ സാരഥികൾ

പൂരപ്പറമ്പിൽ ശബ്ദങ്ങളുടെ കോലാഹലമാണ്. പഞ്ചവാദ്യങ്ങളുടെ മഹാസംഗമം! പൂരത്തിനു വേണ്ടിയുള്ള ദീർഘകാലമായുള്ള കാത്തിരിപ്പല്ലേ! ആളുകളുടെ അട്ടഹാസവും കുട്ടികളുടെ കരച്ചിലുമായി ആകെ ബഹളമായും തന്നെ.
എന്നാൽ രഘുവിന്റെ മനസ്സ് മറ്റെവിടെയോ അലയുകയാണ് അവൻ വിൽക്കുന്ന ബലൂണുകളെ പോലെ പൂരപ്പറമ്പിൽ പാറി നടക്കാൻ അവൻ ആഗ്രഹിക്കുന്നു എന്നാൽ അവന്റെ കീറിപ്പറഞ്ഞ ഷർട്ടും പാറിയ തലമുടിയും കണ്ണുകളിൽ തളം കെട്ടിനിൽക്കുന്ന ദാരിദ്ര്യവും അവനെ അതിന് അനുവദിക്കുന്നില്ല.
ജീവൻ തന്റെ കണ്ണുകൾ പൂരപ്പറമ്പിലൂടെ ശരവേഗത്തിൽ പായിക്കുകയാണ്. എന്തോ ഒന്ന് പരതുന്നതുപോലെ. എന്നാൽ അവിടുത്തെ കാഴ്ചകൾ ഒന്നും അവന്റെ മനസ്സിനെ സംതൃപ്തമാക്കുന്നില്ല. പെട്ടെന്നാണ് അവനത് കണ്ടത്, കീറിപ്പറഞ്ഞ വേഷം അണിഞ്ഞ ഒരു കുട്ടി ബലൂൺ വിൽക്കുന്നു. ആ കുട്ടിയുടെ കണ്ണുകളിൽ പണ്ട് കണ്ട് മറന്ന എന്തോ ഒന്ന് ജീവൻ കണ്ടു. രഘുവും ജീവന്റെ നേർക്ക് നോക്കി. പണ്ടെന്നോ സ്നേഹിച്ച പഴകിയ രണ്ടു കണ്ണുകൾ പരസ്പരം ഇടയുകയാണ്. ഭാഷകൾ കൊണ്ട് പറയാൻ പറ്റാത്തത് പലതും കണ്ണുകളാൽ നിമിഷം കൊണ്ട് അവർ പറഞ്ഞു തീർക്കുന്നു.
വർഷങ്ങൾ കടന്നുപോയി. കാലം പല ചിത്രങ്ങൾ വരയ്ക്കുകയും മായ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇന്ന്, ജീവൻ ഒരു ഡോക്ടറാണ്. പല പ്രശസ്തരെയും ചികിത്സിച്ച് രോഗം ഭേദമാക്കിയ അതിപ്രശസ്തനായ ഡോക്ടർ. എങ്കിലും വിണ്ണിനേയും മണ്ണിനേയും അവൻ മറന്നിട്ടില്ല. കാലവും ദുഃഖവും വേർപിരിയാത്ത സുഹൃത്തുക്കൾ ആണല്ലോ. അതിനാൽ തന്നെ ജീവനും വന്നു. ഒരു ദുഃഖത്തിന്റെ കാലം. പിതാവിന്റെ മരണം! പിതാവിന്റെ സംസ്കാരം കഴിഞ്ഞ്, ജീവൻ തിരിച്ച് വീട്ടിലെത്തി. പിതാവിന്റെ വില്പത്രം അവൻ വെറുതെ ഒന്ന് എടുത്തു വായിച്ചുനോക്കി ചുവന്ന അക്ഷരത്തിൽ പ്രത്യേകമായി എന്തോ എഴുതിയിരിക്കുന്നു കുട്ടിക്കാലത്തേക്ക് ആ പൂരപ്പറമ്പിലേക്ക് ഹോസ്പിറ്റൽ കണ്ട ആ മധ്യസ്ഥന്റെ ഓർമ്മകളിലേക്ക് മനസ്സ് പറഞ്ഞു അതാ അവൻ ജീവനും രഘുവിനും ഒരേ പ്രായമാണെന്ന് പറയില്ല ദാരിദ്ര്യം വീണ്ടും രഘുവിൽ ഒരുപാട് വിനോദിച്ചിരിക്കുന്ന ആ രണ്ട് ഹൃദയങ്ങളും ഒരുമിച്ച കഴിഞ്ഞു കണ്ണുകൾ നിറഞ്ഞൊഴുകി ഒരു തുള്ളി നിലത്തേക്ക് ഇറ്റി വീണു.


BASMA ANWAR
8L

# എന്റെ അമ്മ

എൻ അമ്മയാണ് അമ്മ
എൻ വീട്ടിലെ രാജാവും രാജ്ഞിയുമാണ് അമ്മ
എന്റെ വിളക്കിലെ തിരിയാണ് അമ്മ
എന്റെ പൂന്തോട്ടത്തിലെ പനിനീർപൂവാണ് എൻ അമ്മ
എൻ അമ്മയാണ് അമ്മ
എൻ പുലരിയിൽ വാടാതെ നിൽക്കുന്ന പനിനീർ പുഷ്പമാണ് അമ്മ
ഞാൻ തളരുമ്പോൾ ഇരുകൈകൾകൊണ്ടെന്നെ
ഉയർത്തെഴുന്നേൽപ്പിക്കുന്ന എൻ അമ്മ
എൻ പുസ്തകത്തിലെ വരിയാണെന്നമ്മ
പുലരിയിൽ സിന്ദൂരം പൂശി വരുന്ന ദേവിയാണെന്നമ്മ
എന്റെ പുലരിയിൽ വിളികേട്ട് കണ്ണ് തുറക്കുമ്പോൾ
എൻ മുമ്പിൽ നിൽക്കും എൻ ദേവീ നിൻ രൂപം
എൻ അമ്മയാണ് അമ്മ
എൻ അമ്മയാണ് അമ്മ



റിയ.പി.പ്രദീപ്
9C



# THE EFFECT OF A PARENT, TEACHER OR FRIEND ON YOUR LIFE

*The effect of parents, teachers and friends on personal development are profound and multi faced. Parents, as the initial architects of a persons emotional landscape, lay the foundation for self-esteem, attachment, and moral compass. From the nurturing environment that foster secure attachments to the transmission of ethical principles, parental influence resonate across a lifetime. Positive experiences with parents contribute to emotional security, while negative ones may lead to lasting impacts on self worth.*

*In educational sphere, teachers emerge as a key figures shaping intellectual growth and chores. Beyond imparting knowledge, effective teachers inspire critical thinking and a position of learning. The quality of teachers-student relationship significantly influences academic success and socio motional well belong. Positive connections with negative interactions, may impede confidence and enthusiasm for education.*




HARINAND.R
9H

## മാതൃഭാഷയും വിദ്യാഭ്യാസവും

ഒരു കുഞ്ഞ് ജനിക്കുമ്പോൾ മുതൽ കേൾക്കുന്ന ഭാഷയാണ് മാതൃഭാഷ. സ്പഞ്ച് പോലെയെന്നു ഉപമിക്കുന്ന കുഞ്ഞിൻറെ മനസ്സ് ചുറ്റുമുള്ള എന്തിനെയും ഒപ്പിയെടുക്കുന്ന കൂട്ടത്തിൽ തൻറെ രക്ഷിതാവിൻറെ ഭാഷയും മനസ്സിലാക്കുന്നു. ഒന്നും ഒറ്റയടിയ്ക്കല്ല ഘട്ടംഘട്ടമായി പഠിക്കുന്ന ഭാഷ ഒരിക്കലും മറക്കാത്ത വിധം കുഞ്ഞിൻറെ മനസ്സിൽ പതിയുന്നു. ക്രമേണ കുട്ടി ആ ഭാഷയിലുള്ള പഠിച്ച വാക്കുകൾ എവിടെ നിന്നും തിരിച്ചറിയാവുന്ന രീതിയിലേക്ക് പരിണമിക്കും. വിദേശങ്ങളിൽ താമസിക്കുന്ന,അല്ലെങ്കിൽ ദീർഘകാലം താമസിച്ചിട്ടുള്ള ദമ്പതിമാരുടെ മക്കൾ വിദേശ ഭാഷയും മാതൃഭാഷയും കലർത്തിയാണ് സംസാരിക്കുക.മദർ ടംഗ് എന്ന് ഇംഗ്ലീഷിൽ പറയുന്ന മാതൃഭാഷയെ ആയയുടെ നാവെന്ന് കളിയാക്കാറുണ്ട്. ഇംഗ്ലണ്ടിന്റെ മഹിളകൾ മക്കളെ ആയയുടെ അടുക്കലാക്കി ജോലിക്ക് പോകുന്നത് മാതൃഭാഷയ്ക്ക് തന്നെ കുറച്ചു ലാകുന്നില്ലോ!

## പ്രാഥമിക വിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ പങ്കിനെ പറ്റി പറയാം.

കുട്ടി/വിദ്യാർത്ഥി ആദ്യം മുതൽക്കേ മനസ്സിലാക്കിയ ഭാഷയിൽ പറയുന്നത് അവരുടെ മനസ്സിൽ പതിയും. ഏറ്റവും ക്രൂരമായത് പുതിയ വിദ്യാഭ്യാസ സംസ്കാരം എന്ന പേരിൽ അന്യഭാഷകളെ അടിച്ചേൽപ്പിക്കുന്നതാണ്. ആനക്കൊട്ടിൽ എന്ന പോലെ വിദ്യാർഥിയെ ഒരു ഭാഷ ആർജിക്കാൻ പ്രേരിപ്പിക്കുകയും, മാതൃഭാഷയിൽ അവരെ അതിലുള്ള സംഗ്രഹത്തെ മനസ്സിലാക്കുകയും ചെയ്യുന്ന വഴി കൃത്യമായി വിദ്യാർഥികൾക്ക് മനസ്സിലാക്കാൻ ആകുന്നു. DPEP യുടെ വരവോടെ സമ്മിശ്രമായി പോയ ഭാഷ മാതൃഭാഷയെ പോലും കുട്ടികൾക്ക് മനസ്സിലാക്കാനാവാത്ത സ്ഥിതി ഉണ്ടാക്കുന്നു.

## മാതൃഭാഷയും മീഡിയകളും

മാറുന്ന സംസ്കാരം ഭാഷയിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. പണ്ടുകാലങ്ങളിൽ സർക്കാർ സ്കൂളുകളിൽ പോലും ഉന്നത ഉദ്യോഗസ്ഥരുടെയും അഭ്യസ്തവിദ്യരുടെയും മക്കൾ മലയാള തരത്തിലാണ് പഠിച്ചിരുന്നത് എന്നത് കൗതുകം ഉണർത്തുന്ന വസ്തുതയാണ്. സാമാന്യ ബുദ്ധിയിൽ മനസ്സിലാക്കാവുന്ന കാര്യമാണ് ഇംഗ്ലീഷ് മീഡിയത്തിൽ ചേർന്ന കുട്ടികൾക്ക് മലയാളം മീഡിയക്കാരേക്കാൾ കാര്യമായ പർദ്ദിത അറിവൊന്നും കരിക്കുലത്തിൽ നിന്ന് കിട്ടാനില്ല. ഉന്നത വിദ്യാഭ്യാസത്തിൻറെ സാധ്യത മാത്രം മുന്നിൽ കണ്ടു കൊണ്ട് മാത്രമാണ്. ഉന്നത പഠനത്തിന് ഇംഗ്ലീഷ് മീഡിയത്തിലെ പഠന രീതികളെ അതിജീവിച്ചവർ മാതൃഭാഷ കൈവെടിയാതെയാണ് ഇത്രത്തോളം ഉന്നതങ്ങളിൽ എത്തുന്നതും തെളിവ് നിരത്താവുന്നതാണ്.

## ആധുനിക വിദ്യാഭ്യാസവും തഴയപ്പെടുന്ന മാതൃഭാഷയും

ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാതൃഭാഷയ്ക്ക് മുൻഗണന കൊടുക്കുന്നെന്ന വ്യാജേനെ, പതിയെ മാതൃഭാഷയെ

പിന്തള്ളി അന്യഭാഷകളുടെ ആധിപത്യത്തിനുള്ള ശ്രമങ്ങൾ ഒരു സാമൂഹ്യ നിരീക്ഷകന് മനസ്സിലാകുന്നതാണ്. കുറഞ്ഞുവരുന്ന മലയാളം പിരീഡുകളുടെ ഒരുകാലത്ത് ആഴ്ചയിൽ അഞ്ച് പീരിയഡുകൾ ആയിരുന്ന കാര്യം ഡിപി മുമ്പ് എസ്എസ്എൽസി പാസായവരോട് ചോദിച്ചാൽ അറിയാം. സംസ്കൃതം അറബി ഉറുദു എന്നിവ ആദ്യകാലങ്ങളിൽ പുറത്തുള്ളവയായിരുന്നു. അവ പഠിക്കാൻ വേണ്ടി പ്രത്യേക ചിലവും വഹിക്കേണ്ടി വരുമായിരുന്നു .എന്നാൽ ആ ചിലവ് ലഭിക്കപ്പെടുന്നത് വളർത്തമ്മയും, വീടും, നാട്ടിലെ അമ്മയുടെ മുലപ്പാലും നമ്മെ താങ്ങുന്ന ഭൂമിയുമായ ഭാഷയെ അവഗണിച്ചുകൊണ്ടാണ്. മാറ്റങ്ങൾ സമൂഹത്തിന്റെ മുകളിൽ നിന്നും താഴേക്ക് വളരുകയാണെന്നും എന്ന് തിരിച്ചറിഞ്ഞ ഭരണാധികാരികൾ ഒരുവീടിന് കുളം വരാൻ അധികാരികളുടെ സഹായം തേടിയിരിക്കാം. ജർമ്മനി റഷ്യ ഫ്രാൻസ് പോലുള്ള രാജ്യങ്ങൾ ആധുനിക വിദ്യാഭ്യാസം ഉൾക്കൊള്ളിച്ചുകൊണ്ട് മാതൃഭാഷയിൽ അധിഷ്ഠിതമായാണ് ഉന്നത പഠനങ്ങൾ കേന്ദ്രങ്ങളിൽ പോലും നടത്തുന്നത്. അവിടങ്ങളിൽ അഭ്യസ്തവിദ്യരുടെ എണ്ണവും പഠനങ്ങൾക്ക് ചേർന്നവരുടെ എണ്ണവും ഒരു അനുപാതത്തിൽ ആയാൽ വൻ വിജയത്തോടെ നാട് ആഘോഷിക്കുന്ന വരേക്കാൾ അധികമായിരിക്കും.

മാതൃഭാഷയുടെ സംഭാവനകളും സംരക്ഷിക്കപ്പെടേണ്ട മാതൃഭാഷയും നമുക്കാർക്കും അറിയാവുന്നതുപോലെ വർഷങ്ങളോളം മത്സരത്തിലാണ് കേരള മോഡൽ വിദ്യാഭ്യാസം. ഒട്ടേറെ പാരമ്പര്യ സംസ്കൃതികൾ നമ്മുടെ ഭാഷയുടെ അധപതനത്തോടൊപ്പം നശിക്കും, എന്നത് വരാനിരിക്കുന്ന സത്യമാണ്. മലയാളത്തിന് സംഭാവനകൾ നൽകി എന്ന് പറയുന്ന സാഹിത്യകാരന്മാരുടെ കൈമുതൽ എന്തായിരുന്നു അക്ഷരവും വിശാലമായ ഭാവനയും മാത്രം. പുതുതലമുറയുടെ അറിവിൽ എന്തൊക്കെയാണ് സംഭാവനയോഗ്യമായുള്ളത്? ഇംഗ്ലീഷും മലയാളവും ചേർത്ത് വികലമാക്കിയ 'മംഗ്ലീഷോ', ഹിന്ദിയും മലയാളവും ചേർന്ന് ഹിലയാളമോ? ഭാഷയുടെ തന്മയത്വത്തെ നശിപ്പിക്കാൻ മാത്രമേ അവ ഉതകൂ. സംരക്ഷിക്കപ്പെടേണ്ടവയിൽ പ്രകൃതിയും ഭൂമിയും മാത്രമല്ല, നമുക്ക് ഓരോരുത്തർക്കും അസ്തിത്വമേകിയ ഭാഷയെക്കൂടെ പലരും ഉൾപ്പെടുത്താതെ പോകുന്നത് വളരെ ദുഃഖിപ്പിക്കുന്നതാണ്. അത് സംരക്ഷിക്കപ്പെടേണ്ടതാണ് പുറമേ അല്ലെങ്കിൽ അകമെ നാമത്കൊണ്ട് നടകണം, വ്യക്തമായി പകർന്നു നൽകണം. തെറ്റുകൾ തിരുത്തണം. ഭാവി തലമുറയെ വാർത്തെടുക്കുന്ന മാതൃഭാഷയെ സംരക്ഷിക്കേണ്ടത് പുസ്തകങ്ങളിൽ ഒതുക്കിയല്ല, വിശാല ലോകത്ത് തുറന്നുവിട്ട ഓരോന്നും തിരിച്ചറിഞ്ഞു കൊണ്ട്. നമ്മുടെ കടമ നമ്മുടെ കർത്തവ്യം.

HASSAN MUKTHAR LABBAI
9I

# സ്വപ്ന താരകം

പുറമേയുള്ളതുപോലെ തന്നെ അവന്റെ ഉള്ളിലും പ്രകാശം തിങ്ങിനിന്നിരുന്നു.ആ പ്രകാശത്തിന് അവന് അവളോടുള്ള പ്രണയത്തിന്റെച്ചൂടാണ് .പതിവുപോലെ അവൻ വീണ്ടും ഓർത്തു ,"എത്രയോ സംവത്സരങ്ങൾക്കു മുൻപാണ് ഞാനവളോട് തന്റെ പ്രണയം തുറന്നു പറഞ്ഞത് .അവളുടെ മറുപടിക്കായ് ഞാനൊരുപാട് കാത്തിരുന്നു .എത്രയോ പ്രകാശ വർഷങ്ങൾ താണ്ടി വന്നിരുന്ന അവളുടെ ഉത്തരം എനിക്കനുകൂലമായിരുന്നു .അപ്പോൾ തന്നെ ഞാനവളുടെ പേരും മനസ്സിലാക്കി .'നോവ ',ഒരു നക്ഷത്രത്തിന് ചേർന്ന പേര് തന്നെയാണെന്ന് എനിക്കുതോന്നി ."

"ഓറിയോൺ അങ്കിൾ ",പെട്ടെന്നുള്ള വിളി കേട്ടവൻ ഞെട്ടി .നോക്കുമ്പോൾ തന്റെ അല്പമകലെ നിന്ന് ഓടുന്ന ഒരു കുഞ്ഞു ഗ്രഹം .നോവ തന്റെ പ്രണയാഭ്യർത്ഥന കേൾക്കുന്നതിനു മുൻപ് കേട്ടവരാണ് തനിക്കുചുറ്റും നിന്നോടുന്നത് .

"എന്താ കുഞ്ഞാ"..... ഓറിയോൺ അവനോട് ചോദിച്ചു ."ദേ,ഇവനെന്നെ കുത്തുമെന്ന്  പറയുന്നു".അതും പറഞ്ഞ് ആ കുഞ്ഞു ഗ്രഹം ഒരു ഉൽക്കയെ ചൂണ്ടി. ഓറിയോൺഉൽക്കയ്ക്ക് നേരെ തിരിഞ്ഞു." എന്താടാ ,നീയെന്റെ കൊച്ചിനെ കുത്തുമോ?"

വികൃതികളാണെങ്കിലും അവരൊക്കെ ഓറിയോണെ ബഹുമാനിച്ചിരുന്നു. തന്നെ വിട്ടേക്കണേ എന്ന ഭാവത്തിൽ ആ ഉൽക്കകുഞ്ഞ് ഓറിയോണെ നോക്കി.

ഇവരുടെ ഈ പ്രശ്നങ്ങൾക്കിടയിൽ താൻ നോവയെ മറക്കുമോ എന്ന് ഓറിയോൺ ഭയപ്പെട്ടു. അവൻ ദൂരെക്ക് നോക്കി മറ്റുള്ളവർ പറയുന്നത് കേൾക്കാൻ വൈകുമെങ്കിലും നക്ഷത്രങ്ങൾക്കൊക്കെ ഭയങ്കര കാഴ്ചയാണ് .അവൻ എത്രയോ പ്രകാശവർഷത്തോളം ദൂരെ നിൽക്കുന്ന നോവയെനോക്കി ചിരിച്ചു. അവളെന്തോ പറയാൻ തിടുക്കം കാണിക്കുന്നതു പോലെ അവനു തോന്നി .അത് കേൾക്കാനായി അവന്റെ കാതുകൾ കൊതിച്ചു.

അപ്പോൾ കുറെ അകലെയായി ഒരു വാൽനക്ഷത്രം പാഞ്ഞു പോയി . "എനിക്കൊരു വാലുണ്ടായിരുന്നുവെങ്കിൽ അവൾക്കരികിലേക്ക് പറക്കാമായിരുന്നു" .ഓറിയോൺ മറ്റുള്ളവരെ നോക്കി .

"അയ്യോ ......അപ്പൊ ഞങ്ങളുടെ വഴക്കൊക്കെ ആരാ തീർത്തു തരിക .വാല് വേണ്ടാ.......
ഓറിയോൺ അങ്കിൾ പോയാൽ ഈ ഉൽക്കകളൊക്കെ ഞങ്ങളെ കുത്തും "

അവസാനം പറഞ്ഞത് ഉൽക്കകളുടെ നേതാവിന് അത്ര ഇഷ്ടമായില്ല . "ദേ നോക്ക് ,ഇതുവരെ അറിഞ്ഞുകൊണ്ട് ആരെയും ഞങ്ങൾ നോവിച്ചില്ല "

എന്നാൽ ഓറിയോൺ മറ്റെന്തോ ആലോചനയിലായിരുന്നു .അവൻ ശ്രദ്ധിക്കുന്നില്ല എന്നറിഞ്ഞപ്പോൾ അവർ വഴക്കു നിർത്തി തങ്ങളുടെ ജോലിയിൽ ശ്രദ്ധിച്ചു.

ഓറിയോൺ നോവയെ പറ്റി ചിന്തിച്ചു കൊണ്ടിരിക്കുകയായിരുന്നു .അവനവളെ തന്നെ നോക്കിക്കൊണ്ടിരുന്നു.നോവയുടെ മുഖം കൂടുതൽ ചുവന്നിരുന്നു.

"ഇത്രേം ദൂരത്ത് നിന്ന് പെട്ടെന്ന് കാണാൻ കഴിയുന്നതുപോലെ കേൾക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ".......അവനാശിച്ചു പോയി .

പെട്ടെന്ന് അവന്റെ മനസ്സ് എവിടെ പതറിപ്പോയി .'നോവ തന്നെ ശരിക്കും സ്നേഹിക്കുന്നുണ്ടോ? മറ്റ് ഏതെങ്കിലും നക്ഷത്രങ്ങളുടെ കണ്ണ് അവളുടെ മേൽ പതിഞ്ഞിരിക്കുമോ " അവന്റെ മുഖത്തെ പരിഭ്രമം ചുറ്റുമുള്ള ഗ്രഹങ്ങൾ കണ്ടു .പക്ഷേ അവർ പ്രതികരിച്ചില്ല.
അവർക്കറിയാമായിരുന്നു ,താങ്കളെന്ത് ചെയ്താലും ഓറിയോൺ ഇപ്പോൾ ശാന്തനാകില്ലെന്ന് .തന്റെ ഉള്ളിലെ വിഷമങ്ങൾ ഓറിയോൺ ഇതുവരെ ഗ്രഹങ്ങളോട് നേരിട്ട് പറഞ്ഞിട്ടില്ല. പക്ഷേ അവർക്കറിയാമായിരുന്നു ,ഓറിയോൺ നോവയെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് .

"നോവയെ ഇഷ്ടപ്പെടാൻ തുടങ്ങുമ്പോൾ പോലും താനോർത്തില്ല....ഒരിക്കലും ഞങ്ങൾക്ക് അടുക്കാനാവില്ല എന്ന്. അവളുടെ വാക്കുകൾ കേൾക്കാൻ വർഷങ്ങളോളം കാത്തിരിക്കേണ്ടി വരും എന്ന്...." അവന്റെ മുഖം കൂടുതൽ ദയനീയമായി. ചുറ്റുമുള്ളവർക്ക് അത് കാണാൻ കഴിയുമായിരുന്നില്ല.


ആരും കേൾക്കാതെ ഓറിയോൺ മനസ്സിൽ പറഞ്ഞു ,

"പ്രപഞ്ചത്തിലെ ഏറ്റവും ദുഃഖം നിറഞ്ഞ പ്രണയം നക്ഷത്രങ്ങളുടേതായിരിക്കും. പരസ്പരമൊന്നറിയണമെങ്കിൽ പോലും എത്ര നാൾ കാത്തിരിക്കണം. ഓറിയോണിന്റെ കണ്ണിൽ നിന്നും ലാവ തുള്ളി തുള്ളിയായി ഒഴുകിക്കൊണ്ടിരുന്നു.
അവൻ ദൂരേക്ക് നോക്കി . എല്ലാം ശാന്തമാണ് . "ഈ പ്രപഞ്ചത്തിൽ അനേകം നക്ഷത്രങ്ങളുണ്ട് അതിനിടയിൽ എന്റെ സങ്കടം ആരാണ് കേൾക്കുക ?"

അവൻ സ്വയം ചോദിച്ചു

അവൻ പതിഞ്ഞ സ്വരത്തിൽ പറയാൻ തുടങ്ങി . അവന്റെ ഗ്രഹങ്ങളും ചുറ്റുമുള്ള ഉൾക്കകളും മാത്രമേ അത് കേട്ടവരായിട്ടൊള്ളൂ

" നോവാ, നിന്നോടെനിക്ക് ഒരുപാട് പറയാനുണ്ട്.നീ കേൾക്കേ ഒന്നു പൊട്ടിക്കരയണമെന്നു ഞാനാഗ്രഹിക്കുന്നു . പക്ഷേ എന്ന് നീയത് കേൾക്കും.........നോവാ..... നീയെന്റെ മനസ്സിൽ എന്നുമൊരു നോവായി നിൽക്കും......



**നിഭ എസ് കെ**
**8 G**

# ഒരു കലോത്സവ ദിനം

നമ്മുടെ വിജയങ്ങൾ എന്നും നമുക്ക് പ്രിയപ്പെട്ടതാണ്. കലോത്സവം, എല്ലാ വർഷത്തെയും എന്റെ ഇഷ്ടദിവസമാണ്.ജയവും പരാജയവും നിറഞ്ഞ ആ ദിവസങ്ങൾ മറക്കാൻ കഴിയാത്തതാണ്. കഴിഞ്ഞ അധ്യായന വർഷത്തെ കലോത്സവം,കൃത്യയമായി പറഞ്ഞാൽ എട്ടാം ക്ലാസിലാണ് ഞാൻ. മാപ്പിളപ്പാട്ടും ഒപ്പനയുമായിരുന്നു ഞാൻ പങ്കെടുക്കാനിരുന്ന ഇനങ്ങൾ.രണ്ട് പരിപാടികളും ഒരു ദിവസം തന്നെയായിരുന്നു. രാവിലെയായിരുന്നു മാപ്പിളപ്പാട്ട്.എനിക്ക് ശക്തമായ ഒരെതിരാളിയുണ്ട്.എന്നെക്കാൾ ഒരു വയസ്സ് മൂപ്പുള്ള മാപ്പിളപ്പാട്ട് മേഖലയിൽ കുറെ അധികം വർഷം അനുഭവങ്ങൾ അല്ലെങ്കിൽ പരിചയം ഉള്ളവൾ.പേര് ഞാൻ വ്യക്തമാക്കുന്നില്ല.മത്സരം തുടങ്ങി, എന്നാൽ ഇപ്രാവശ്യം ആ ചേച്ചിയുടെ പ്രകടനം കുറച്ച് മോശമായിരുന്നു.ഞാൻ മനസ്സിൽ കുറച്ച് പ്രതീക്ഷവെച്ചു. പക്ഷെ വിധിയുടെ വിളയാട്ടമെന്നുപറയട്ടെ അതെല്ലാവരും കരുതിയത് പോലെ ഞാൻ അന്നും രണ്ടാമതായിരുന്നു.സ്വാഭാവികമായും എനിക്ക് കുറച്ച് വിഷമമായി. പക്ഷെ എന്റെ ഉപ്പ പറഞ്ഞു ഒരിറക്കമുണ്ടെങ്കിൽ ഒരുകയറ്റവുമുണ്ടാവുമെന്ന്.അങ്ങനെതന്നെ സംഭവിച്ചു. ഞങ്ങൾ ഒപ്പനയിൽ ഒന്നാമത് വന്നു.മാത്രമല്ല എന്റെ പാട്ടിനെകുറിച്ച് ആ ജഡ്ജ് കുറച്ച് പുകഴ്ത്തി പറഞ്ഞു.അപ്പോൾ എനിക്ക് എന്തെന്നില്ലാത്ത സന്തോഷമായിരുന്നു.പരാജയങ്ങൾ ഞാൻ മറന്നു. അധ്വാനിച്ച് ഒരു ജയം നമ്മൾ കൈവരിക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം അതിന്റെ ആഹ്ലാദം അത് തന്നെയാണെന്റെ ജീവിതത്തിലെ ഏറ്റവും നല്ല സ്കൂൾ അനുഭവം.

NAJA FATHIMA
9E

# കനൽ വഴിയിലെ സ്കൂൾ ജീവിതാനുഭവം

ഞാൻ നാലാം ക്ലാസിൽ പഠിക്കുന്നത് കോഹിന്നൂർ എസ്.ടി.പോൾസ് സ്കൂളിലാണ്.അവിടെ എനിക്ക് പഠിക്കാൻ ഒരു ആഗ്രഹവും ഇല്ലായിരുന്നു.എന്നും പഠിത്തം മാത്രം വെറുതെ ഒന്ന് ഗ്രൗണ്ടിൽ പോകാൻ പോലും സമ്മതിക്കാത്തൊരു കാലം. പി.ടി സമയം പുറത്ത് വിടാത്തൊരു കാലം. ഒന്ന് ശൗചാലയത്തിൽ പോകണമെന്ന് ഉണ്ടെങ്കിൽ ആദ്യം അത് ക്ലാസ് ചുമതലയുള്ള കുട്ടിയോട് പറയണം.അവൻ അത് ക്ലാസ് അധ്യാപകനോട് പറയണം. അധ്യാപകൻ സമ്മതിച്ചാൽ അത് ക്ലാസ് ചുമതലയുള്ള കുട്ടിയോട് പറയണം.എന്നാലെ എനിക്കൊന്ന് മൂത്രമൊഴിക്കാൻ പോകാൻ പറ്റുകയുള്ളൂ.

അതിന് ശേഷം ഞാൻ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലേക്ക് മാറി. അതായിരുന്നു എന്റെ ജീവിതം തന്നെ മാറ്റിയ അനുഭവങ്ങളുള്ള സ്കൂൾ.

MUHAMMED LIHAN
9F

# മായാത്ത ഓർമ്മകൾ

നന്നേ ചെറുപ്പത്തിൽ തന്നെ അവന്റെ കൂട്ടുകാർ അവനെ ഒറ്റപ്പെടുത്താൻ തുടങ്ങിയിരുന്നു. തന്റെ കസിനും അടുത്ത കൂട്ടുകാരനായ ബാലു വരെ തന്നെ ഒറ്റപ്പെടുത്താനും കളിയാക്കാനും ശ്രമിച്ചിരുന്നു. അവനത് ആദ്യം ഒന്നും മനസ്സിലായിരുന്നില്ല. പിന്നീട് അവൻ വളരുന്നതിന് അനുസരിച്ച് കാര്യങ്ങൾ മനസ്സിലാക്കാൻ തുടങ്ങി.

സമയം നാലുമണി.മാഷുടെ പാടത്തു കുട്ടികൾ ഹാജരായി. പതിവുപോലെ ഇന്നും തന്റെ കസിൻ തന്നെ വിളിക്കാനായി എത്തിയില്ല. അതെ, അവനിപ്പോൾ തന്റെ കൂടെ ഒരു ചങ്ങാത്തവുമില്ല. എന്തിനു പറയുന്നു, ബാലുവിനെ അവർക്കു പരിചയപ്പെടുത്തിയതേ താനായിരുന്നു.

ഇപ്പോൾ മനസ്സിനൊരു ഭാരം തോന്നിത്തുടങ്ങിയിരുന്നു. താൻ ഒറ്റയ്ക്ക് മാറിയിരിക്കുന്നത് കണ്ട സുധീഷേട്ടൻ തന്നെ അവരോടൊപ്പം കളിപ്പിച്ചു. അവർ മനപ്പൂർവം തന്നെ ഒഴിവാക്കിയതാണെന്ന് അയാൾക്കറിയില്ലല്ലോ. എന്തൊക്കെയായാലും താൻ അങ്ങോട്ട് വെറുതെയങ്ങ് ചെന്നു. അമ്മു ബാലുവിനെ ദേഷ്യത്തിൽ നോക്കുന്നുണ്ടായിരുന്നു. ഒട്ടും പ്രതീക്ഷിക്കാതെയാണ് അത് സംഭവിച്ചത്. അതെ, തന്നെ പിറകിൽ നിന്ന് ശക്തിയോടെ ഒറ്റ ചവിട്ട്. താൻ വീഴുന്നത് കണ്ട് കടയിൽ സാധനങ്ങൾ വാങ്ങാൻ വന്ന ഏതോ ഒരു പുണ്യാത്മാവ് - അതെ അദ്ദേഹത്തെ അങ്ങനെയേ വിശേഷിപ്പിക്കാൻ സാധിക്കുകയുള്ളൂ. അവർ ഓടിവന്നു തന്നെ എഴുന്നേൽപ്പിച്ചു. കൂടാതെ ആശ്വസിപ്പിക്കുകയും ചെയ്തു.

എന്റെകൂട്ടുകാരനെ വഴക്കു പറഞ്ഞത് എനിക്കു ഇഷ്ടപ്പെട്ടില്ല. ഉറ്റിവീഴുന്ന അല്പം മണ്ണുകലർന്ന രക്തത്തിലേക്ക് നോക്കി. തന്റെ കൂട്ടുകാരുടെ അവസ്ഥ ഓർത്തു താൻ ഏറെ വിഷമത്തോടെ തിരിച്ചുപോയി. എന്തിനു പറയുന്നു, രാത്രി മുഴുവൻ അവർ ഒരു മായാത്ത സ്വപ്നമായി തന്റെ മനസിനെ അസ്വസ്ഥമാക്കി. തലയിണയ്ക്കു എണ്ണാൻ കഴിഞ്ഞു കാണില്ല. അതിൽ ഇറ്റിവീണ തന്റെ കണ്ണീരിന്റെ അളവ്!

അതെ-ഇന്ന് പുതുഅധ്യായന വർഷം തുടങ്ങുന്നു. ഒരുപാട് പുതിയ കൂട്ടുകാരെ തനിക്കു കിട്ടുന്നു. അതെ, തന്റെ കസിൻ ഇപ്പോൾ വേറെ ക്ലാസ്സിലാണ്. അവനിപ്പോൾ ഹാപ്പി ആണെങ്കിലും താൻ അങ്ങനെ അല്ല. ഒരിക്കൽ അവന്റെ വീട്ടിൽ ചെന്ന സമയത് പ്രേതകഥകൾ പറഞ്ഞു പേടിച്ചു കെട്ടിപിടിച്ചിടുന്നതും ഒച്ചവെച്ചതും കേട്ട് എന്താ ഒരു ബഹളം എന്ന അവന്റെ അമ്മയുടെ ചോദ്യവുമെല്ലാം ഇപ്പോഴും ഓർമവരുന്നു.അവൻ എങ്ങനെ ഇങ്ങനെയായി ?

മാസങ്ങൾ കടന്നുപോയി. മഴക്കാലം കഴിഞ്ഞു, മഞ്ഞുകാലം കഴിഞ്ഞു. വേനലിലേക്ക് .......ഇപ്പോഴും താൻ അവനെക്കുറിച്ചു ഓർക്കുന്നു. അവന്റെ പെട്ടെന്നുള്ള മാറ്റത്തെക്കുറിച്ചു. ഈ വേനൽ കാലത് ഒട്ടും പ്രതീക്ഷിക്കാതെ ഒരു മഴ. സ്കൂൾ വിടാൻ ഏതാണ്ട് നാല്പതോ നാല്പത്തഞ്ചോ മിനിറ്റ് ഇനിയുംബാക്കി.

അതായത് അവസാന പീരീഡ് അദ്ധ്യാപകൻ വന്നിട്ടില്ലെന്ന് ലീഡർ വിളിച്ചോതി. അപ്പോഴും താൻ അവനെകുറിച്ച ഓർക്കുകയായിരുന്നു. അറിയാതെ കണ്ണിൽ നിന്ന് കണ്ണീർ പൊടിഞ്ഞു വീണു. പെട്ടെന്നാണ് അവർ രണ്ടു പേരും തന്റെ അടുത്ത വന്നു കാര്യങ്ങൾ  അന്വേഷിച്ചത്. താനത് അവരോട് മറച്ചുവെക്കാൻ ശ്രമിച്ചു. പെട്ടെന്ന് താൻ നിർത്താതെ കരയുന്നത് കണ്ടുനിന്ന് അവരുടെ കണ്ണും നിറഞ്ഞിരിക്കുന്നു. അവർ ഇടറിയ ശബ്ദത്തോടെ തന്നോട് വീണ്ടും വീണ്ടും കാര്യം അന്വേഷിച്ചു. വിശ്വസിക്കാൻ പറ്റുന്ന ആരോടേലും തുറന്നുപറയണം എന്ന് വിചാരിച്ചിരുന്ന താൻ അവരോട് കാര്യങ്ങൾ തുറന്നുപറഞ്ഞു. അവർ മറ്റാരോടും പറയില്ലെന്ന് വിശ്വാസത്തോടെ. സത്യം പറഞ്ഞാൽ താൻ ഈ ക്ലാസ്സിലും ഏറെ ഒറ്റപ്പെട്ടിരുന്നു. അപ്പോഴാണ് ഇവരുടെ വരവ്. തന്റെ മാനസികാവസ്ഥ മനസ്സിലാക്കിയ അവർ ഒരു നിമിഷം നിറഞ്ഞ കണ്ണുകളോടെ പരസ്പരം നോക്കി നിന്ന് പിന്നീട് അവരായി തന്റെ എല്ലാം. അവർ തന്നെ  ഒറ്റക്കിരിക്കാൻ അനുവദിച്ചിരുന്നില്ല. അങ്ങനെ പതിയെപതിയെ ഒരൊരോ കാര്യങ്ങളും, രഹസ്യങ്ങളും, ഓർമകളും, എല്ലാം പങ്കുവെച്ചു ഞങ്ങൾ ഉറ്റസുഹൃത്തുക്കൾ ആയി.അവർക്കു കാര്യം പതിയെ മുഴുവനായി മനസ്സിലായി. നീ അമിതമായി ചിന്തിക്കുന്നത് ആദ്യം ഒഴിവാക്കിയാൽ എല്ലാം ശെരിയാവുമെന്നും ഞങ്ങൾ നിന്നോടൊപ്പം ഉണ്ടാകുമെന്നും അവർ തന്നോട്പറഞ്ഞത് തനിക്കൊരു ആശ്വാസമായി മാറി. അതേകാര്യങ്ങൾ തകിടം മറിഞ്ഞു അന്ന് തന്നെ ഒറ്റപ്പെടുത്തിയവരുന്നിതാ തന്റെ കസിന്നെയും ഒറ്റപ്പെടുത്തിയിരിക്കുന്നു. അവനും തന്നെപ്പോലെ പതുക്കെയാണ് അവരുടെ യഥാർത്ഥ സ്വഭാവം മനസ്സിലാക്കിയത്.അവനത് ഒരു മുറിവായി നിലനിന്നു. അവൻ ആകെ ഇല്ലാതെയായി. അവൻ അവരെ കുറിച്ചോർത്തു പൊട്ടിക്കരഞ്ഞു. അപ്പോഴാണ് അവനു തന്നെ ഓർമവന്നത്. അതെ, കഥയാകെ മാറിയിരുന്നു. അവൻ തന്റെ അടുത്തേക്ക് തിരികെ വന്നു. താൻ അവൻ പറയുന്ന ഓരോ വാക്കുകളും കേൾക്കാതെ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. തന്നുടെ തന്റെ ഇപ്പോഴതെ കൂട്ടുകാർ അത് പറഞ്ഞിരുന്നു. എന്തെന്നാൽ ഒരു ദിവസം അവൻ നിന്റെ അടുത്തേക്ക് വരും. നീ അവനോട് മിണ്ടരുത്. താനും ഒരു സമയം അത് ചിന്തിച്ചു. തന്റെ വേദന അവനും അറിയട്ടെ എന്ന്. പക്ഷെ തന്റെ മനസ് എത്രപറഞ്ഞിട്ടും അവനോട് മിണ്ടാതിരിക്കാൻ എനിക്ക് കഴിഞ്ഞില്ല. തന്റെ കൂട്ടുകാരന്റെ വേദനകൾ അവനെയും അറിയിച്ചു. അതെ അവൻ തന്നെ ഒഴിവാക്കാൻ തുടങ്ങിയത് താനറിഞ്ഞിട്ട്  നാളേക്ക് ഒരു വർഷം. ഇതെല്ലാം താൻ ചിന്തിക്കുകയായിരുന്നു. പെട്ടെന്ന് അവൻ തന്നെ കെട്ടിപ്പിടിച്ച് തേങ്ങിക്കരഞ്ഞു. അവന്റെ മുഖത്തേക്ക് തന്നെ ഒന്നിപ്പിക്കാൻ സഹായിച്ച കൂട്ടുകാരെ , അവരെ തന്നെ ....... നിറഞ്ഞകണ്ണുകളുമായി അവരും തന്നെ നോക്കുന്നുണ്ടായിരുന്നു. ഇനി കൈവിടില്ല എന്ന ഉറപ്പോടെ അവർ കൈകൾ ചേർത്ത്പിടിച്ച് കുറച്ചനേരം ഭക്ഷണം തേടിയലയുന്ന കാക്കയെനോക്കി നിശ്ചലമായിനിന്നു.......

Arjun.K.P
9C

# പ്രപഞ്ച സ്നേഹി


കാദിന്റെ ദിശകളാൽ ഞാൻ........
പാടി എത്തും നിൻ .......
മിഴികളാൽ ചുംബിച്ച്......
എൻ ഈരടികൾ........

ഇടിമിന്നലാൽ തുടങ്ങി............
തോരാത്തമഴയിൽ ഞാൻ ........
നിന്ന് വൃക്ഷത്തെ നനച്ചു........
തിരിക്കുകയാണ് ഞാൻ..........





MUHAMMED ANFAS VAYANAD
7 D

ചെല്ലക്കുരുവി നിന്നുടെ
ചുണ്ടിൽ ചൊല്ലാനൊത്തിരി
പാട്ടുണ്ടോ ?
ചൊല്ലിത്തന്നാൽ ഞാനും
ചൊല്ലാം ചൊല്ലാൻ നല്ലൊരു
പാട്ടൊന്ന് !



RITHU NANDA
7H



Devasree
7A

# FEW DROPS OF WATER


*A thirst man feels it sure*
*The importance of few drops*
*Water quenches thirst soon*
*pure water every one needs*


*Without water we cannot live*
*No creation can be possible*
*Water is a right resource*
*We shall not do pollution*


*Water is necessary daily*
*Starting from bathing to*
*Making food for us daily*
*We need water of course*

*A thirsty man feels every drop*
*And he doesnot allow to waste*
*Frow west to east water is needed*
*In creation it plays important role*

NIYA SUDHEER
8I




Nayana.m 8F


2
OCTOBER
Nandhana.v 7G

കവായി ഡിജിറ്റൽ മാഗസിനിലേക്ക് സൃഷ്ടികൾ തന്ന

എല്ലാവർക്കും...................

കൂടാതെ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്കും നന്ദി രേഖപ്പെടുത്തുന്നു.

